# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.7464** — **17.07.2012-ൽ മറുപടിക്ക്**

## "വിത്തുതേങ്ങ" സംഭരണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ഇ. കെ. വിജയൻ | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് "വിത്തുതേങ്ങ" സംഭരിക്കുന്നത് ഏതൊക്കെ സ്ഥലങ്ങളിൽ നിന്നാണെന്നും, ഈ വർഷം എത്ര എണ്ണം സംഭരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | എ) | സംസ്ഥാനത്ത് "വിത്തുതേങ്ങ" സംഭരിക്കുന്നത് പ്രധാനമായും കോഴിക്കോട്, തൃശ്ശൂർ, കണ്ണൂർ, മലപ്പുറം ജില്ലകളിൽ നിന്നുമാണ്. കൂടാതെ കാറ്റുവീഴ്ച ബാധിത പ്രദേശങ്ങളായ എറണാകുളം മുതൽ തിരുവനന്തപുരം വരെയുള്ള ജില്ലകളിൽ നിന്നും രോഗപ്രതിരോധശേഷിയുള്ള തെങ്ങുകളിൽ നിന്നും വിത്തുതേങ്ങ സംഭരിച്ചു വരുന്നു. 2011-2012 വർഷത്തിൽ 8.4 ലക്ഷം ഡബ്ല്യൂ.സി.റ്റി വിത്ത് തേങ്ങയും 1.35 ലക്ഷം സങ്കരയിനം വിത്തു തേങ്ങയും സംഭരിച്ചിട്ടുണ്ട്. |
| ബി) കേരകർഷകർക്ക് നിലവിൽ എത്ര രൂപയാണ് ഒരു വിത്തുതേങ്ങയ്ക്ക് വിലയായി ലഭിക്കുന്നത് ; | ബി) | ഡബ്ല്യൂ.സി.റ്റി വിത്ത് തേങ്ങയ്ക്ക് 20/- രൂപയും സങ്കരയിനം വിത്തു തേങ്ങയ്ക്ക് 23/ -രൂപയും ആണ് നിലവിൽ നൽകി വരുന്നത്. |
| സി) നാദാപുരം കുറ്റ്യാടി മണ്ഡലത്തിൽ നിന്ന് ഈ വർഷം കേരകർഷകരിൽനിന്നും എത്ര വിത്തുതേങ്ങ സംഭരിച്ചിട്ടുണ്ടെന്നും വിലയായി എത്ര രൂപ നൽകാനുണ്ടെന്നും പേര് സഹിതം പഞ്ചായത്ത് തിരിച്ച് കണക്ക് ലഭ്യമാക്കാമോ ; | സി) | 3,42,931 എണ്ണം ഡബ്ല്യൂ.സി.റ്റി ഇനം വിത്തുതേങ്ങ നാദാപുരം കുറ്റ്യാടി മണ്ഡലങ്ങളിൽ നിന്നും സംഭരിക്കുകയുണ്ടായി. വിത്തു തേങ്ങയുടെ വിലയായി ഇതു വരെ നല്കിയതിനു പുറമെ 24,19,980/- രൂപ ബാക്കിതുക നൽകാനുണ്ട്. പ്രസ്തുത തുക വിതരണം ചെയ്യുന്നതിനുള്ള ഫണ്ട് ജില്ലയ്ക്ക് അനുവദിച്ചിട്ടുണ്ട്. കർഷകരുടെ പേരു സഹിതം പഞ്ചായത്ത് തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ഡി) വിത്തുതേങ്ങയുടെ വില സമയാസമയങ്ങളിൽ കേരകർഷകർക്ക് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | ഡി) | നടപടി സ്വീകരിച്ചു വരുന്നു. ഇതുവരെ കൊടുത്തു തീർക്കുന്നതിനുള്ള വിത്തു തേങ്ങയുടെ തുക അതാതു പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്ക് നൽകി കഴിഞ്ഞു. |

സെക്ഷൻ ആഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**